പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 342 | 12-10-2026-ൽ മറുപടിയ്ക്ക്

**<u>നഗരസഭകളുടെയും കോർപ്പറേഷനുകളുടെയും പ്രത്യേക മാസ്റ്റർ പ്ലാൻ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. ചാണ്ടി ഉമ്മൻ

ശ്രീ. സുധീർഷാ പാലോട്

ശ്രീ. രാജൻ. ജെ. പല്ലൻ

ശ്രീ. കെ. ബിനിമോൻ

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. എം. ഷാജി

(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

**(എ)** നഗരസഭകളുടെയും കോർപ്പറേഷനുകളുടെയും അടിസ്ഥാന സൗകര്യ വികസനത്തിനായി പ്രത്യേക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

**<u>മറുപടി:</u>** സംസ്ഥാന-കേന്ദ്ര സർക്കാർ പദ്ധതികൾക്ക് കീഴിൽ നഗര-ഗ്രാമ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കായി മുൻഗണനാടിസ്ഥാനത്തിൽ 'സ്പേഷ്യൽ മാസ്റ്റർ പ്ലാനുകൾ' (Spatial Master Plans) തയ്യാറാക്കിവരുന്നു. ബന്ധപ്പെട്ട പ്രദേശങ്ങളുടെ ആസൂത്രിതമായ വികസനത്തിനായി സമഗ്രമായ സമീപനം സ്വീകരിക്കുന്ന ഈ മാസ്റ്റർ പ്ലാനുകളിൽ അടിസ്ഥാന സൗകര്യ വികസനം, ഗതാഗതം, പാർക്കുകൾ, തുറസ്സായ സ്ഥലങ്ങൾ, പൊതുസ്ഥലങ്ങൾ, പൊതുറോഡുകൾ, വിനോദ സൗകര്യങ്ങൾ, സാമൂഹിക സൗകര്യങ്ങൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട ആവശ്യകതകൾ ഉൾക്കൊള്ളിക്കുന്നു. മേൽപ്പറഞ്ഞവ ഉൾപ്പെടെയുള്ള വികസന ആവശ്യകതകൾ കണ്ടെത്തുന്നതും സംയോജിപ്പിക്കുന്നതും ഉൾപ്പെടെയുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ പ്രക്രിയയിൽ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാങ്കേതിക സഹായവും വിദഗ്ധോപദേശവും LSGD (Planning) വിംഗിലെ ചീഫ് ടൗൺ പ്ലാനർ (പ്ലാനിംഗ്) ഉം ജില്ലാ ഓഫീസുകളും നൽകി വരുന്നു.

സുരക്ഷിതവും എല്ലാവർക്കും പ്രാപ്യവും എല്ലാവരെയും ഉൾക്കൊള്ളുന്നതുമായ പൊതുസ്ഥലങ്ങളും സാമൂഹിക സൗകര്യങ്ങളും ഒരുക്കുന്നതിലും മെച്ചപ്പെടുത്തുന്നതിലും സ്ത്രീകൾ, കുട്ടികൾ, വയോജനങ്ങൾ, മറ്റ് ദുർബല വിഭാഗങ്ങൾ എന്നിവരുൾപ്പെടെയുള്ള സമൂഹത്തിലെ വിവിധ വിഭാഗങ്ങളുടെ ആവശ്യങ്ങൾ കൂടി ഈ ആസൂത്രണ പ്രക്രിയയിൽ പരിഗണിക്കുന്നുണ്ട്.

പ്രത്യേക പദ്ധതികൾ, നിർദ്ദേശങ്ങൾ, ഭൂവിനിയോഗ വ്യവസ്ഥകൾ, ഉചിതമായ സോണിംഗ്/വികസന ചട്ടങ്ങൾ എന്നിവയിലൂടെ ഇത്തരം ആവശ്യകതകൾ മാസ്റ്റർ പ്ലാനുകളിൽ ഉൾപ്പെടുത്തി വരുന്നു. അങ്ങനെ, ഈ സൗകര്യങ്ങളുടെയും അടിസ്ഥാന സൗകര്യങ്ങളുടെയും ഏകോപിതമായ വികസനത്തിനും മെച്ചപ്പെടുത്തലിനുമുള്ള ഒരു അടിസ്ഥാന ചട്ടക്കൂട് മാസ്റ്റർ പ്ലാൻ പ്രദാനം ചെയ്യുന്നു.

മാസ്റ്റർ പ്ലാനുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികളും നിർദ്ദേശങ്ങളും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും അല്ലെങ്കിൽ അതത് അധികാരപ്പെട്ട വകുപ്പുകളും, സംസ്ഥാന കേന്ദ്ര സർക്കാർ പദ്ധതികൾ മറ്റ് ലഭ്യമായ ധനസ്രോതസ്സുകൾ മുഖേന ലഭ്യമാകുന്ന ഫണ്ട് ഉപയോഗിച്ചാണ് നടപ്പിലാക്കുന്നത്.

**(ബി)** തദ്ദേശ സ്ഥാപനങ്ങളുടെ കീഴിലുള്ള പാർക്കുകൾ, പൊതുസ്ഥലങ്ങൾ, പൊതുമാർക്കറ്റുകൾ തുടങ്ങിയവ നവീകരിക്കുന്നതിനായി പ്രത്യേക പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**(സി)** സ്ത്രീകൾക്കും കുട്ടികൾക്കും സുരക്ഷിതമായ പൊതുസ്ഥലങ്ങൾ ഒരുക്കുന്നതിന് തദ്ദേശ സ്ഥാപനങ്ങൾ പ്രത്യേക പരിഗണന നൽകുമോയെന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**